# കേരള സർവകലാശാല

നം.പി.ആർ.149/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള നാലാം ഘട്ട അലോട്ട്മെന്റ് ജൂലൈ നാലിന്.

കേരള സർവകലാശാലയുടെ 2018-19 അദ്ധ്യയന വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള നാലാം ഘട്ട അലോട്ട്മെന്റ് (http://admissions.keralauniversity.ac.in) എന്ന വെബ്സൈറ്റിൽ 04.07.2018-ന് പ്രസിദ്ധപ്പെടുത്തും. അപേക്ഷകർക്ക് ആപ്ലിക്കേഷൻ നമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. കേന്ദ്രീകൃത അലോട്ട്മെന്റ് സംവിധാനത്തിലൂടെ ഇതു വരെയും ഒരു കോളേജുകളിലും പ്രവേശനം ലഭിക്കാത്തതും എന്നാൽ ഈ അലോട്ട്മെന്റിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുകയും ചെയ്യുന്നവർ യൂണിവേഴ്സിറ്റി ഫീസ് ഓൺലൈൻ വഴിയോ ചലാൻ പ്രിന്റ് ഔട്ട് എടുത്ത് എസ്.ബി.ഐയുടെ ഏതെങ്കിലും ശാഖയിലോ അടയ്ക്കേണ്ടതാണ്. യൂണിവേഴ്സിറ്റി ഫീസ് ജനറൽ വിഭാഗത്തിന് 1525 രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 840 രൂപയുമാണ്. ഇപ്രകാരം യൂണിവേഴ്സിറ്റി ഫീസ് അടച്ചവർ ഫീസ് അടച്ചതിന്റെ വിവരം വെബ്സൈറ്റിൽ നൽകിയ ശേഷം അലോട്ട്മെന്റ് മെമ്മോ പ്രിന്റടുക്കേണ്ടതും മെമ്മോയിൽ പറഞ്ഞിരിക്കുന്ന കോളേജിൽ പ്രവേശനം നേടേണ്ടതുമാണ്.

മൂന്നാം ഘട്ട അലോട്ട്മെന്റിന് ശേഷം കോളേജിൽ പ്രവേശനം നേടിയവർ തങ്ങളുടെ ഹയർ ഓപ്ഷനുകളിലേയ്ക്ക് നാലാം അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭിച്ചാൽ വീണ്ടും ലോഗിൻ ചെയ്ത് അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിരിക്കും. അങ്ങനെയുള്ളവർ നിർബന്ധമായും ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന കോളേജിൽ നിന്ന് ടി.സി. വാങ്ങി പുതുതായി അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. ഇങ്ങനെയുള്ളവർ വീണ്ടും യൂണിവേഴ്സിറ്റി ഫീസ് അടയ്ക്കേണ്ടതില്ല.

2018 ജൂലൈ 05 മുതൽ ജൂലൈ 07 വരെ യാണ് കോളേജുകളിൽ പ്രവേശനം നേടേണ്ടത്. യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ (അസൽ) സഹിതം

മെമ്മോയിൽ പറഞ്ഞിരിക്കുന്ന ദിവസം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് അതത് കോളേജുകളിൽ അഡ്മിഷൻ എടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ യാതൊരു കാരണവശാലും തുടർന്നുള്ള അലോട്ട്മെന്റുകളിലേയ്ക്ക് പരിഗണിക്കുന്നതല്ല.

പ്രവേശന സമയത്ത് ഹാജരാകാനുള്ള രേഖകൾ മുൻകൂട്ടി തയ്യാറാക്കി വെയ്ക്കണം എന്നറിയിക്കുന്നു. രേഖകൾ ഹാജരാക്കാൻ അധിക സമയം അനുവദിക്കുന്നതല്ല.

നാലാം ഘട്ട അലോട്ട്മെന്റ് പ്രകാരം ലഭിക്കുന്ന കോളേജും,കോഴ്സും തൃപ്തികരമല്ലെങ്കിലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടേണ്ടതിനായി അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം തേടേണ്ടതാണ്

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## സ്റ്റുഡൻസ് കൗൺസിലിലേയ്ക്കുള്ള വിദ്യാർത്ഥി പ്രതിനിധികളുടേയും യൂണിയൻ ഭാരവാഹികളുടേയും തെരഞ്ഞെടുപ്പ്

സ്റ്റുഡൻസ് കൗൺസിലിലേയ്ക്കുള്ള വിദ്യാർത്ഥി പ്രതിനിധികളുടേയും യൂണിയൻ ഭാരവാഹികളുടേയും തെരഞ്ഞെടുപ്പ് ജൂലൈ 20 ന് സർവകലാശാല ഓഫീസിൽ വച്ച് നടത്തുന്നതാണ്. ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നാമനിർദ്ദേശ പത്രികകൾ ജൂലൈ 10 ന് ഉച്ചയ്ക്ക് 2.00 മണിയ്ക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. വിജ്ഞാപനങ്ങൾ ജൂലൈ 3 ന് സർവകലാശാല ഓഫീസിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പൂർണ്ണരൂപം വെബ്സൈറ്റിലും ലഭ്യമാണ്.

## പരീക്ഷാഫലങ്ങൾ

2018 ഏപ്രിലിൽ നടത്തിയ സി.എസ്.എസ് 2016–2018 ബാച്ച് പരീക്ഷകളുടെ ഫലങ്ങൾ; എം.എസ്.സി ഇന്റഗ്രേറ്റീവ് ബയോളജി ഒന്നാം റാങ്ക് ഗോവിന്ദ്.എം (രജി നം.81616604007), എം.എസ്.സി ജനറ്റിക്സ് & പ്ലാന്റ് ബ്രീഡിംഗ് ഒന്നാം റാങ്ക് അഖിലേഷ് എസ്.വി നായർ, എം.എസ്.സി സുവോളജി (പ്യുവർ&അപ്ലൈഡ്) ഒന്നാം റാങ്ക് അനുപമ ശേഖർ, എം.എസ്.സി ഡെമോഗ്രഫി ഒന്നാം റാങ്ക് ദിവ്യ.എം (രജി നം.82316608001).

2018 ഏപ്രിലിൽ നടത്തിയ ബി.എസ്.സി (ആന്വൽ സ്കീം) മാത്തമാറ്റിക്സ് മെയിൻ/സപ്ലിമെന്ററി പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 3 വരെ അപേക്ഷിക്കാം.

## രജിസ്ട്രേഷൻ

ബി.എസ്.സി മാത്തമാറ്റിക്സ് (എസ്.ഡി.ഇ 2017 അഡ്മിഷൻ) ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾ www.sde.keralauniversity.ac.in/sdestudentregn എന്ന വെബ്സൈറ്റിൽ.

## സ്റ്റഡി മെറ്റീരിയൽ

ബി.കോം ടാക്സ്, കോ-ഓപ്പറേഷൻ, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ കോഴ്സുകളിലേയ്ക്ക് എസ്.ഡി.ഇ, വഴി അഡ്മിഷൻ എടുത്ത കുട്ടികൾ ജൂലൈ 4 മുതൽ സ്റ്റഡി മെറ്റീരിയലുകൾ സെക്ഷനിൽ നിന്നും നേരിട്ട് കൈപ്പറ്റണം.

തിരുവനന്തപുരം.



03.07.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,



സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098